**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 593** **28-06-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങൾ ഇതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്; | (എ) | ഉണ്ട്.സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 8 ഓൺലൈൻ അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടേറ്റിൽ പരിശോധനയിലാണ്. |
| (ബി) | ഇത്തരം വ്യവസായ പാർക്കുകൾക്ക് സർക്കാർ എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് ഒരുക്കി നൽകാൻ ഉദ്ദേശിക്കുന്നത്; | (ബി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിൽ ഡെവലപ്പർക്ക് സൗകര്യമൊരുക്കാൻ സർക്കാർ ധനസഹായം നൽകുന്നതാണ്. വൈദ്യുതി, ജലം റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി , ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങൾക്കുമായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ധനസഹായം നൽകുന്നതാണ്. |
| (സി) | സംസ്ഥാന സർക്കാരിനു കീഴിലുള്ള വ്യവസായ പാർക്കുകളിൽ എത്ര പാർക്കുകളാണ് നിലവിൽ പൂർണ്ണമായ രീതിയിൽ പ്രവർത്തിക്കുന്നത്; എത്ര പാർക്കുകൾ അടഞ്ഞു കിടക്കുന്നുണ്ട്; വിശദാംശം നൽകാമോ; | (സി) | നിലവിൽ വ്യവസായ വകുപ്പിന് കീഴിൽ 66(വ്യവസായ വാണിജ്യ ഡയറക്ടേറേറ്റ്-36,KINFRA-25,KSIDC-5) വ്യവസായ പാർക്കുകൾ പൂർണ്ണമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ പാർക്കുകൾ ഒന്നും തന്നെ അടഞ്ഞുകിടക്കുന്നില്ല. |
| (ഡി) | സംസ്ഥാന സർക്കാരിനു കീഴിലുള്ള എല്ലാ വ്യവസായ പാർക്കുകളിലുമായി എത്ര വ്യവസായ സംരംഭങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്; ഇവയ്ക്ക് പ്രതിവർഷം സർക്കാർ എന്തെല്ലാം തരത്തിലുള്ള സഹായങ്ങൾ നൽകി വരുന്നുണ്ട്; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സർക്കാരിനു കീഴിലുള്ള എല്ലാ വ്യവസായ പാർക്കുകളിലുമായി 3685 വ്യവസായ സംരംഭങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഇ.എസ്.എസ്, പി.എം.ഇ.ജി.പി തുടങ്ങിയ പദ്ധതികൾ പ്രകാരമുള്ള ധനസഹായങ്ങൾ വ്യവസായ പാർക്കുകളിലെ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നുണ്ട്. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സമയ ബന്ധിതമായി നടത്തി കൊടുക്കുന്നുണ്ട്. വ്യവസായ ഭൂമിയുടെ ലീസ് ഡീഡ് |

| | | | |
|---|---|---|---|
| | | | ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവയിലും ഇളവ് നൽകുന്നുണ്ട്. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ ഉൾപ്പെടെയുള്ള ആശ്വാസ നടപടികളും സംരംഭങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ